# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*113 11.07.2016 ൽ മറുപടിക്ക്

## കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധികൾ

**ചോദ്യം**

ശ്രീ.ആർ.രാജേഷ്
ശ്രീമതി.പി.അയിഷാപോറ്റി
ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ
ശ്രീമതി.യു.പ്രതിഭാ ഹരി

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**ഉത്തരം**

ശ്രീമതി. ജെ. മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ പ്രതിസന്ധികൾ ചുവടെ ചേർക്കുന്നു.

1. അസംസ്കൃത തോട്ടണ്ടിയുടെ ലഭ്യതക്കുറവ്
2. പ്രവർത്തന മൂലധനം സമയബന്ധിതമായി ലഭ്യമാകാത്തത്
3. കേന്ദ്ര സർക്കാർ ഇപ്പോൾ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കം.
4. സമയബന്ധിതമായി ആധുനികവല്ക്കരണം നടപ്പാക്കാതെയിരുന്നത്.
5. അന്താരാഷ്ട്ര കമ്പോളങ്ങളിൽ മത്സരിക്കത്തക്കതരത്തിലുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാത്തത്.
6. ഫാക്ടറികൾ മറ്റു സംസ്ഥാനങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നത്.
7. ആശാസ്യമല്ലാത്ത കിടമത്സരങ്ങൾ.
8. തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടിയുടെ ദൗർലഭ്യം.

### 1.അസംസ്കൃത തോട്ടണ്ടിയുടെ ലഭ്യതക്കുറവ്

ഇന്ത്യയിൽ ഏകദേശം 15 ലക്ഷം ടൺ കശുവണ്ടി പ്രോസസ്സ് ചെയ്യുന്നുണ്ട്. ഇതിൽ ഏകദേശം 50% മാത്രമേ ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്നുള്ളൂ. ബാക്കി വിവിധ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. ടാൻസാനിയ, ഐവറി കോസ്റ്റ്, ഗിനിബിസാവോ എന്നീ രാജ്യങ്ങളിൽ നിന്നാണ് മുഖ്യമായും കശുവണ്ടി ഇറക്കുമതി ചെയ്യുന്നത്.

സമയബന്ധിതമായി സീസൺ സമയത്ത് കശുവണ്ടി ഇറക്കുമതി ചെയ്യാൻ കഴിഞ്ഞാൽ മാത്രമേ ആവശ്യമായ

കശുവണ്ടി ലഭിക്കുകയുള്ളൂ. എന്നാൽ പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം അതിന് കഴിയാറില്ല. ഇത് പ്രതിസന്ധിയ്ക്ക് കാരണമാണ്.

## 2. പ്രവർത്തന മൂലധനം സമയ ബന്ധിതമായി ലഭ്യമാകാത്തത്.

സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിന് ആവശ്യമായ കശുവണ്ടിയുടെ സിംഹഭാഗവും ഇറക്കുമതി ചെയ്യുകയാണ് പതിവ്. വിവിധ രാജ്യങ്ങളിലെ വിളവ് സമയത്ത് സമയബന്ധിതമായി ഇറക്കുമതി ചെയ്യാൻ കഴിഞ്ഞാൽ മാത്രമേ ആവശ്യാനുസരണം കശുവണ്ടി ലഭിക്കുകയുള്ളൂ. എന്നാൽ നിലവിലുള്ള ബാദ്ധ്യതകൾ മൂലം കൂടുതൽ ലോൺ അനുവദിക്കുന്നതിന് ബാങ്കുകൾ തയ്യാറാകുന്നില്ല. നിലവിലുള്ള കണക്ക് പ്രകാരം ഏകദേശം 3000 കോടി രൂപയുടെ Outstanding loan കശുവണ്ടി മേഖലയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ 200 കോടി NPA(Non Performing Assets) ആയതായും 800 കോടി രൂപ Stressed Asset ആയതായും കണക്കാക്കുന്നുണ്ട്.

## 3. കേന്ദ്രസർക്കാർ ഇപ്പോൾ ഏർപ്പെട്ടുത്തിയ ഇറക്കുമതി ചുങ്കം.

ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് കേന്ദ്ര സർക്കാർ 9.36% ഇറക്കുമതി ചുങ്കം ഏർപ്പെടുത്തി. തന്മൂലം ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയ്ക്ക് ഏകദേശം 10%ത്തിന്റെ വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ 25% പരിപ്പ് കയറ്റുമതി ചെയ്താൽ അഡ്വാൻസ് ഓതറൈസേഷൻ സ്കീം പ്രകാരം ആനുകൂല്യം ലഭിയ്ക്കും. എന്നാൽ 80 കിലോ തോട്ടണ്ടി സംസ്കരിക്കുമ്പോൾ 10 മുതൽ 13 കി.ഗ്രാം വരെയേ കയറ്റുമതി ഉല്പന്നങ്ങൾ ലഭിക്കുന്നുള്ളൂ.

## 4. ആധുനികവല്ക്കരണം നടപ്പാക്കാതിരുന്നത്.

തൊഴിലാളികളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും തൊഴിൽ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും ഭാഗികമായ യന്ത്ര വല്ക്കരണം ആവശ്യമുണ്ട്.

## 5. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ അഭാവം

5000 കോടി രൂപയുടെ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട് എങ്കിലും തികച്ചും മൂല്യവർദ്ധിതമായ ഉല്പന്നങ്ങൾ ഒന്നും തന്നെ ഉല്പാദിപ്പിക്കുന്നില്ല. തന്മൂലം വൻതോതിലുള്ള റിട്ടേൺ ലഭിക്കാതെ പോകുന്നുണ്ട്.

## 6.മറ്റ് സംസ്ഥാനങ്ങളിലേയ്ക്കുള്ള മാറ്റം.

സംസ്ഥാനത്തെ അസംസ്കൃത കശുവണ്ടിയുടെ ലഭ്യതക്കുറവും കൂലിയിലെ ഏറ്റക്കുറച്ചിലും ഫാക്ടറികൾ സംസ്ഥാനത്ത് നിന്ന് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് കാരണമാകുന്നുണ്ട്. അങ്ങനെ പുതുതായി സ്ഥാപിക്കുന്ന ഫാക്ടറികളിൽ യന്ത്രവല്ക്കരണവും നടപ്പാക്കുന്നുണ്ട്.

## 7. ആശാസ്യമല്ലാത്ത കിടമത്സരങ്ങൾ

മുൻ കാലങ്ങളിൽ യഥാർത്ഥ പ്രോസസേഴ്സ് മാത്രമാണ് കശുവണ്ടി ഇറക്കുമതിയിൽ ഏർപ്പെട്ടിരുന്നത്. അവരുടെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള കശുവണ്ടി ഇറക്കുമതി ചെയ്ത്, പ്രോസസ്സ് ചെയ്ത് കയറ്റുമതി ചെയ്യുകയായിരുന്നു പതിവ്. എന്നാൽ കാലക്രമത്തിൽ വാണിജ്യതാല്പര്യത്തോട് കൂടി ആളുകൾ ഈ രംഗത്തേക്ക് കടന്നു വരികയുണ്ടായി. അവർ വൻതോതിൽ കശുവണ്ടി സംഭരിച്ച്, മാർക്കറ്റിൽ കൃത്രിമ ക്ഷാമം സൃഷ്ടിച്ച് അസംസ്കൃത തോട്ടണ്ടിയുടെ വില വർദ്ധിപ്പിക്കുന്നു. തന്മൂലം കൂടിയ വിലയ്ക്ക് തോട്ടണ്ടി വാങ്ങുന്നതിന് കാരണമാകുന്നു. ഇതിന് ചെറുകിട വ്യവസായികൾക്ക് കഴിയുന്നില്ല.

## 8.തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടിയുടെ ദൗർലഭ്യം.

തദ്ദേശീയമായി തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിപുലമായ പദ്ധതികളെ കുറിച്ച് സർക്കാർ ആലോചിക്കുകയാണ്. കശുമാവ് കൃഷി ചെയ്യുന്നതിനായി ഭൂമി കണ്ടെത്തുന്നതിന് വനം, കൃഷി, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിമാരുമായി കൂടി ആലോചിച്ച് ഒരു പദ്ധതി തയ്യാറാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

| | |
|---|---|
| (ബി) തോട്ടണ്ടിയുടെ മേൽ ചുമത്തിയ വർദ്ധിപ്പിച്ച ഇറക്കുമതിചുങ്കം കാരണം കശുവണ്ടി വ്യവസായ ത്തിൽ ഉണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട ത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ 9.36% ഇറക്കുമതി ചുങ്കം ഈ വ്യവസായത്തെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ വില ഏകദേശം 10% വർദ്ധിക്കുന്നതിന് ഇത് കാരണമാകുന്നുണ്ട്. ഇറക്കുമതി ചെയ്ത ഉല്പന്നത്തിന്റെ 25% കയറ്റുമതി ചെയ്താൽ അഡ്വാൻസ് ഓതറൈസേഷൻ സ്കീമിൽ ഉൾപ്പെടുത്തി ടാക്സ് റീഫണ്ട് ലഭിയ്ക്കും. എന്നാൽ 80 കി.ഗ്രാം തോട്ടണ്ടി സംസ്കരിക്കുമ്പോൾ 10 മുതൽ 13 കി.ഗ്രാം വരെ മാത്രമേ കയറ്റിയയ്ക്കത്തക്ക പരിപ്പ് ലഭിക്കുന്നുള്ളൂ. ഈ സാഹചര്യത്തിൽ ഇറക്കുമതിചുങ്കം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഈ സർക്കാർ കേന്ദ്ര ധനമന്ത്രിയ്ക്കും വാണിജ്യ വകുപ്പ് മന്ത്രിയ്ക്കും 14/6/2016 ൽ കത്ത് നൽകിയിട്ടുണ്ട്. ഇക്കാര്യം പരിഗണിക്കാൻ കഴിയില്ലെന്ന് കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയിൽ നിന്ന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടു വരുന്നതിനാവശ്യമായ നടപടികളും സ്വീകരി ച്ചിട്ടുണ്ട്. |
| (സി) കശുവണ്ടി വ്യവസായം സംരക്ഷി യ്ക്കുന്നതിനാവശ്യമായ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | (സി) സംസ്ഥാനത്തെ കശുവണ്ടി വ്യവസായ രംഗത്തെ പ്രതിസന്ധി പരിഹരിക്കുന്നതിന് വിവിധ നടപടികളാണ് സ്വീകരിച്ചു വരുന്നത്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷന്റെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ധനസഹായം അനുവദിച്ചിട്ടുണ്ട്.കശുവണ്ടി വാങ്ങുന്നതിന് സുതാര്യമായ നടപടി ക്രമങ്ങൾ നടപ്പിൽ വരുത്തുന്നതിലേയ്ക്ക് ടെണ്ടർ വ്യവസ്ഥകളിൽ ചില മാറ്റങ്ങൾ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു കൂടുതൽ ആളുകൾ ടെണ്ടറിൽ പങ്കെടുക്കുന്നതിന് കാരണമാകുന്നതാണ്.<br><br>തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ സ്ഥല ങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതാണ്. അതിനാവശ്യമായ തുക അനുവദിച്ചു വരുന്നു. കശുവണ്ടി വികസന കോർപറേഷന് ബാങ്കുകളുമായുള്ള ബാദ്ധ്യതകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കൊടുത്തു തീർക്കുന്നതിന് നടപടികൾ സ്വീകരിക്കുന്ന കാര്യം |

പരിശോധിക്കുന്നതാണ്.

സ്വകാര്യ മേഖലയിലെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഹ്രസ്വകാല ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. ഹ്രസ്വകാല നടപടികളുടെ ഭാഗമായി നിലവിലുള്ള ലോണുകൾക്ക് 6 മാസത്തേക്ക് മോറട്ടോറിയം ഏർപ്പെടുത്തണമെന്നും പുതുതായി ബാങ്ക് ഫിനാൻസ് അനുവദിക്കണമെന്നും ലോൺ തിരിച്ചടയ്ക്കുന്നതിന് സാവകാശം നൽകണമെന്നും ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം റിസർവ്വ് ബാങ്ക് വിളിച്ചു ചേർത്ത എംപവേർഡ് കമ്മിറ്റി യോഗത്തിൽ ശക്തമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് പ്രതിനിധികൾ വിവിധ സർക്കാർ വകുപ്പുതലവൻമാർ ഉൾപ്പെടുന്ന ഒരു ഉന്നതതല സമിതി രൂപീകരിക്കാനും പ്രസ്തുത സമിതിയിൽ ഹ്രസ്വകാല ദീർഘകാല പരിഹാര മാർഗ്ഗങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നത്. തോട്ടണ്ടിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികളുടെ വിശദാംശങ്ങളും ഈ ഉന്നതതല കമ്മിറ്റി പരിശോധിക്കുന്നതാണ്.

ദീർഘകാല നടപടിയുടെ ഭാഗമായി തോട്ടണ്ടി സമയബന്ധിതമായി ലഭ്യമാക്കുന്നതിലേയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കാനും നയപരിപാടികൾ ആസൂത്രണം ചെയ്യാനുമായി ഒരു ഏജൻസി രൂപീകരിക്കുന്ന കാര്യവും പരിഗണിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ